# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 482 | 08.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ചരക്ക സേവന നികുതി നിയമം സംബന്ധിച്ച ഓർഡിനൻസ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.അനിൽ അക്കര<br>,, വി.പി.സജീന്ദ്രൻ<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, വി.എസ്.ശിവകുമാർ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | ചരക്കുസേവന നികുതി സംസ്ഥാനത്ത് നടപ്പിലാക്കിയത് നിരീക്ഷിക്കുന്നതിനും ഇതു സംബന്ധിച്ച പരാതി പരിഹരിക്കുന്നതിനും ഏർപ്പെടുത്തിയ സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | ജി.എസ്.ടി നടപ്പിലാക്കിയതിനെത്തുടർന്ന് migration, closing stock ൽ മേലുള്ള input tax credit, ഇൻവോയിസുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവ പരിഹരിക്കുന്നതിനും സംശയനിവാരണം നടത്തുന്നതിനും വേണ്ടി ജില്ലാ കേന്ദ്രങ്ങളിലും ഹെഡ്ക്വാർട്ടേഴ്സിലും ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. സാങ്കേതിക/നിയമ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ ഈ സെന്ററുകൾക്ക് കഴിയുന്നുണ്ട്. കൂടാതെ നികുതിനിരക്കിൽ അവ്യക്തതയുള്ളതിലും നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. സംശയങ്ങൾ ഉന്നയിക്കുന്നതിനായി ഓൺലൈൻ സംവിധാനവും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വ്യാപാര പ്രതിനിധികളെയും ഉദ്യോഗസ്ഥരെയും (കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും) ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാന, ജില്ലാതല facilitation കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇവിടെ വ്യാപാരികൾക്കും ജി.എസ്.ടി യുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉന്നയിക്കാവുന്നതാണ്. കമ്മിറ്റിയിൽ തീരുമാനം എടുക്കാൻ പറ്റാത്ത നികുതിനിരക്ക്, നിയമം |

| | | | |
|---|---|---|---|
| | | | എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ജി.എസ്.ടി കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. ജി.എസ്.ടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വ്യാപാരികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ മനസ്സിലാക്കിക്കൊണ്ട് ജില്ലാതലത്തിലും താലൂക്ക്തലത്തിലും ബോധവൽക്കരണക്ലാസുകൾ നടത്തുകയും പ്രശ്നങ്ങൾ ഉന്നയിക്കുന്നതിനും പരിഹാരം നേടാനും postgstquestions@kerala.gov.in എന്ന e-mail ഉം നടപ്പാക്കുകയുണ്ടായി. |
| (ബി) | ജി.എസ്.ടി.സംസ്ഥാന നിയമം ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും ബില്ലായി സഭയിൽ പാസ്സാക്കി നിയമമാക്കിയപ്പോൾ കേരളത്തിൽ ഓർഡിനൻസ് വഴി നടപ്പിലാക്കുവാൻ ഉണ്ടായ സാഹചര്യമെന്തായിരുന്നു എന്ന് വ്യക്തമാക്കുമോ; | (ബി) | ജി.എസ്.ടി യുമായി ബന്ധപ്പെട്ട് ഭരണഘടനാഭേദഗതി ലോകസഭാ പാസ്സാക്കിയപ്പോൾ രാജ്യത്താകമാനം ജി.എസ്.ടി 2017 ജൂലൈ 1 മുതൽ പ്രാബല്യത്തിൽ വരുത്തണമെന്ന തീരുമാനമായിരുന്നു. ആയതിൻ പ്രകാരം ജി.എസ്.ടി നിയമം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ തീരുമാനമെടുത്ത സമയത്ത് നിയമസഭാ സമ്മേളന കാലം അല്ലാതിരുന്നതിനാൽ ഓർഡിനൻസ് വഴി പുറപ്പെടുവിക്കുകയും ചെയ്തു. |
| (സി) | ഈ ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കേണ്ട ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ അടിയന്തരമായി ചട്ടങ്ങൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | പരാതി പരിഹരിക്കുവാനുള്ള സമിതി ഇല്ലാത്തതു മൂലമുള്ള ആശയക്കുഴപ്പം മുതലെടുത്ത് പല വ്യാപാരികളും ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്ന അവസ്ഥ സംജാതമായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | ജി.എസ്.ടി നിയമത്തിൽ വകുപ്പ് 171 പ്രകാരം Anti- Profiteering Authority രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. വിതരണം ചെയ്യുന്ന സാധനസേവനങ്ങളുടെ നികുതി നിരക്കിലെ കുറവിന്റെയും സ്വീകർത്താവിന് ലഭിക്കുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെയും ആനുപാതികമായ ഗുണം ഉപഭോക്താവിന് വിലക്കുറവിലൂടെ ലഭ്യമാ കുന്നുണ്ടോയെന്ന് പരിശോധിക്കുകയാണ് മേല്പറഞ്ഞ അതോറിറ്റിയുടെ ലക്ഷ്യം. ഒരു ചെയർമാനും നാല് ടെക്നിക്കൽ അംഗങ്ങളും |

| | | | |
|---|---|---|---|
| | | | ചേർന്നതാണ് ഈ അതോറിറ്റി. ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുകൂല്യവും അതിനനുസരിച്ചുള്ള വിലക്കുറവും ഉപഭോക്താവിനു നൽകിയില്ലെങ്കിൽ ആനുപാതികമായ തുക വില്പന നടന്ന ദിവസം മുതൽ മടക്കിക്കൊടുക്കുന്ന ദിവസം വരെ 18% പലിശ നിരക്കിൽ നൽകാൻ ഉത്തരവിടാനുള്ള അധികാരം അതോറിറ്റിക്കുണ്ട്. ഇതിനുപുറമേ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാനും പിഴ ചുമത്താനുമുള്ള അധികാരവും അതോറിറ്റിക്കുണ്ട്. ഇതിനു വേണ്ടി ഒരു സംസ്ഥാനതല സ്ക്രീനിംഗ് കമ്മിറ്റിയെ നിയമിക്കേണ്ടതുണ്ട്. സ്ക്രീനിംഗ് കമ്മിറ്റിക്കു ലഭിക്കുന്ന പരാതികൾ പരിശോധിക്കുകയും പരാതി ശരിയാ ണെന്ന് ബോധ്യപ്പെടുന്ന പക്ഷം നടപടി സ്വീകരിക്കുന്നതിന് അതോറിറ്റി മുമ്പാകെ ശുപാർശയോടുകൂടി സമർപ്പിക്കു ന്നതുമാണ്. ഈ അതോറിറ്റി എത്രയും പെട്ടെന്ന് രൂപീകരിച്ച് പ്രവർത്തനം തുടങ്ങണമെന്ന് സംസ്ഥാനം കേന്ദ്ര ധനകാര്യമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**